150 YEARS OF CELEBRATING THE MAHATMA

തുഞ്ചത്ത് എഴുത്തച്ഛൻ
മലയാളസർവ്വകലാശാല
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

Break the Chain

## സംഗ്രഹം

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല - ഭരണനിർവഹണം - ഡോ. ടി. അനിതകുമാരിയെ രജിസ്ട്രാർ ഇൻ ചാർജിന്റെ ചുമതലകളിൽ നിന്നും താൽക്കാലികമായി വിടുതൽ നൽകി പകരം ക്രമീകരണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭരണവിഭാഗം

നമ്പർ: 478/2019/എ1/അക്കാദമികം. തീയതി: 15/06/2020

---

## ഉത്തരവ്

രജിസ്ട്രാർ ഇൻ ചാർജും സാഹിത്യവിഭാഗം പ്രൊഫസറും ഡീനുമായ ഡോ. ടി. അനിതകുമാരി, 2020 ജൂൺ 15 മുതൽ വർക്ക് ഫ്രം ഹോം അനുവദിക്കണമെന്നും രജിസ്ട്രാറുടെ ചുമതലയിൽ നിന്നും വിടുതൽ നൽകണമെന്നും അഭ്യർത്ഥിച്ച് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) അപേക്ഷ പരിഗണിച്ച് 15.06.2020 മുതൽ രജിസ്ട്രാറുടെ ചുമതല ഡോ. ഇ. രാധാകൃഷ്ണന് നൽകുവാൻ വൈസ് ചാൻസലർ ഉത്തരവ് നൽകിയിരുന്നു. എന്നാൽ പരീക്ഷാ കൺട്രോളറുടെ ചാർജ് വഹിക്കുന്നതുകൊണ്ട് പരീക്ഷാഫലപ്രഖ്യാപനമടക്കമുള്ള പ്രവർത്തനങ്ങളും പ്രവേശന പരീക്ഷയുടെ പ്രവൃത്തികളും സമയബന്ധിതമായി ചെയ്തു തീർക്കേണ്ടതിനാൽ രജിസ്ട്രാറുടെ അധിക ചുമതല മറ്റാരെയെങ്കിലും ഏല്പിക്കുന്നതാണ് ഉചിതമെന്ന് അദ്ദേഹം ഒരു ഇ-മെയിൽ സന്ദേശത്തിലൂടെ അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ അക്കാര്യങ്ങൾ പരിഗണിച്ച് രജിസ്ട്രാറുടെ ചുമതല താൽക്കാലികമായി മാധ്യമപഠനവിഭാഗം വകുപ്പദ്ധ്യക്ഷനായ ഡോ. ആർ. രാജീവ്മോഹന് നൽകുന്നതിന് വൈസ് ചാൻസലർ അനുമതി നൽകി ഉത്തരവിട്ടിട്ടുള്ളതാണ്.

3) മേൽപറഞ്ഞ സാഹചര്യത്തിൽ 15.06.2020 മുതൽ ഡോ. ടി. അനിതകുമാരി തിരിച്ചെത്തുന്നതു വരെയുള്ള ദിവസങ്ങളിൽ രജിസ്ട്രാറുടെ താൽക്കാലിക ചുമതല മാധ്യമപഠനവിഭാഗം വകുപ്പദ്ധ്യക്ഷനായ ഡോ. ആർ. രാജീവ്മോഹന് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഡോ. വി. അനിൽകുമാർ**
**വൈസ് ചാൻസലർ**

ഉത്തരവ് പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

ഡോ. ടി. അനിതകുമാരി, പ്രൊഫസർ, സാഹിത്യപഠനവിഭാഗം
ഡോ. ആർ. രാജീവ്മോഹൻ, അസി. പ്രൊഫസർ, മാധ്യമപഠനവിഭാഗം
വി.സി. കാര്യാലയം/പരീക്ഷാ കൺട്രോളർ/ലൈബ്രറി/പി.ആർ.ഒ/
ഫിനാൻസ് വിഭാഗം/അക്കൗണ്ട്സ് വിഭാഗം/